(ഡി) ലിസ്റ്റ് അന്യത്ര ചേർക്കുന്നു.*

(ഇ) അന്യത്ര ചേർത്തിട്ടുള്ള പട്ടികയിലെ അപേക്ഷകൾ എല്ലാം ഡി.പി. ഐ യിൽ നിന്നും സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

(എഫ്) ഇല്ല, ലഭിച്ച അപേക്ഷകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

പുതിയ വിദ്യാലയങ്ങൾ അനുവദിക്കാൻ നടപടി

36(436) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വിദ്യാലയങ്ങൾ അനുവദിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) അഞ്ചു കിലോമീറ്റർ വരെ നടന്ന് ഒന്നാം ക്ളാസ്സിൽ പഠിക്കേണ്ടി വരുന്ന സ്ഥിതി നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വിദ്യാലയങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയവ തുടങ്ങുന്നതിനുമുള്ള വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ചു വരികയാണ്.

(ബി) ഇല്ല.

(സി) സ്കൂളുകൾ അനുവദിക്കുമ്പോൾ വിദ്യാഭ്യാസ ചട്ടങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ആവശ്യകതയും പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർ

37(437) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ എത്ര പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുണ്ട് ;

(ബി) ഇവർക്ക് ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ശമ്പള സ്കെയിൽ വ്യക്തമാക്കാമോ ;

(ഡി) ഇവർക്ക് ഇപ്പോൾ വീട്ടുവാടക അലവൻസ് പ്രോവിഡന്റ് ഫണ്ട് മെഡിക്കൽ റീഇംപേഴ്സ്മെന്റ് എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇവരുടെ പ്രതിമാസ ശംബളം എത്രയാണ് ;

(ജി) പാർട്ട്ടൈം അദ്ധ്യാപകർക്ക് ഈ ആനുകൂല്യം നൽകുന്നുണ്ടോ ;

(എച്ച്) വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് ശംബള സ്കെയിൽ വീട്ടുവാടക അലവൻസ് പ്രോവിഡന്റ് ഫണ്ട്, മെഡിക്കൽ റീഇംപേഴ്സ്മെന്റ് എന്നീ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) റമ്യൂണറേഷനാണ് നൽകുന്നത്.

(ഡി) ഇല്ല.

(ഇ) നിലവിൽ വ്യവസ്ഥയില്ല.

(എഫ്) ജോലിയുടെ സ്വഭാവമനുസരിച്ച് പ്രതിഫലമായി 1250 രൂപ മുതൽ 1500 രൂപ വരെയും കാലാകാലങ്ങളിൽ അനുവദിക്കുന്ന ക്ഷാമബത്തയും നൽകി വരുന്നു.

(ജി) പാർട്ട്ടൈം അദ്ധ്യാപകർക്ക് നിശ്ചിത ശംബള സ്കെയിൽ ഉണ്ട്.

(എച്ച്) സംസ്ഥാനത്തിലെ എല്ലാ പാർട്ട്ടൈം ജീവനക്കാർക്കും കൂടി ബാധകമായ ഈ കാര്യം ധനകാര്യവകുപ്പാണ് പരിഗണിക്കേണ്ടത്.

എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക്

38(438) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷ സമർപ്പിച്ച മൂന്നു വർഷം കഴിഞ്ഞിട്ടും ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കാറില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാനായി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) രണ്ടു വർഷത്തിൽ കൂടുതൽ പഴക്കമുള്ള എത്ര അപേക്ഷകളിൽ ഇനിയും ഡ്യൂപ്ലിക്കേറ്റ് ബുക്ക് അനുവദിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly